(എ) കേരളത്തിലെ വൈദ്യുതി ബോർഡ് വിഭജനം സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തിട്ടുള്ളത്;

(ബി) വൈദ്യുതി ബോർഡ് വിഭജിച്ച് ബോർഡിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പരിഷ്ക്കരണത്തിന് എ. പി. ഡി. ആർ. പി. പദ്ധതിയിൽ കേന്ദ്രത്തിൽ നിന്ന് എന്തു തുക ലഭിക്കും;

(സി) ഇതു സംബന്ധിച്ച് കേന്ദ്ര ഊർജ്ജ വകുപ്പുമന്ത്രിയുമായി ആരെല്ലാം ചർച്ചകൾ നടത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) ബോർഡ് വിഭജനം നടത്തുന്നത് സ്വകാര്യവൽക്കരണത്തിന്റെ ഭാഗമായിട്ടാണോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*:

(എ) വൈദ്യുതി ബോർഡ് വിഭജിക്കാൻ തീരുമാനം എടുത്തിട്ടില്ല.

(ബി) എ. പി. ഡി. ആർ. പി. പദ്ധതിയ്ക്ക് വേണ്ടി ലഭിക്കുന്ന കേന്ദ്രസഹായം ബോർഡ് വിഭജനത്തിനും ബോർഡിന്റെ പരിഷ്ക്കരണത്തിനും വേണ്ടിയുള്ളതല്ല.

(സി) & (ഡി) പ്രസക്തമല്ല.

തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് ധനസഹായം

*22 [69] *ശ്രീ. കളത്തിൽ അബ്ദുള്ള:*
" *സി. ടി. അഹമ്മദ് അലി:*
" *ഡി. കെ. കെ. ബാവ:*
" *പി. കെ. അബ്ദുറബ്ബ്:*
" *ഇസ്ഹാക് കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തരിശുഭൂമികളിൽ കൃഷിയിറക്കുന്നതിന് തൊഴിൽ രഹിതർക്ക് സഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സഹായധനം നൽകുന്നതിന് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; ആയത് വിശദമാക്കാമോ;

(സി) ഓരോരുത്തർക്കും എന്ത് തുകയാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ?

കൃഷിയും കയറും വകുപ്പുമന്ത്രി *(ശ്രീമതി കെ. ആർ. ഗൗരിയമ്മ)*:

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. തരിശുഭൂമി സ്വന്തമായുള്ളവരോ കൃഷിയിറക്കാൻ മറ്റുള്ളവരുടെ ഭൂമി നേടാൻ കഴിഞ്ഞവരോ ആയ തൊഴിൽരഹിതരായ യുവാവിനോ, യുവാക്കളുടെ ഗ്രൂപ്പിനോ ആണ് സഹായധനം നൽകുക. കാർഷികമേഖലയിൽ നടപ്പാക്കിവരുന്ന ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള തൊഴിൽദാന പദ്ധതിയിൽ അംഗമായിട്ടുള്ള യുവജനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

(സി) കൃഷി ചെയ്യാനുദ്ദേശിക്കുന്ന വ്യക്തി/ഗ്രൂപ്പിന് ഹെക്ടറൊന്നിന് 5000 രൂപ വച്ച് പരമാവധി 10,000 രൂപ വരെ നൽകുന്നതാണ്.

വൈദ്യുതി ബോർഡിന്റെ പുനഃസംഘടന

*23 [70] *ശ്രീ. എം. കുമാരൻ:*

„ *ബിനോയ് വിശ്വം:*

„ *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ പുനഃസംഘടനയ്ക്കായി സംസ്ഥാന ഗവൺമെന്റിനെയും ബോർഡിനെയും സഹായിക്കുവാൻ ഒരു കൺസൾട്ടൻസിയെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് നിയമിച്ചത്;

(ബി) ഈ കൺസൾട്ടൻസി ബോർഡ് വിഭജനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ആ നിർദ്ദേശങ്ങൾ എന്താണെന്ന് വിശദമാക്കുമോ; ഈ നിർദ്ദേശങ്ങളുടെ കരട് ഗവൺമെന്റിന് സമർപ്പിച്ചതെന്നാണ്;

(സി) വിഭജനത്തിന് മുന്നോടിയായി ആസ്തി ബാദ്ധ്യതകൾ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ മുതൽ ആരംഭിക്കും എന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ബോർഡിന്റെ വിഭജനം എത്ര കാലംകൊണ്ട് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്):*

(എ) ഇല്ല.

(ബി)—(ഡി) പ്രസക്തമല്ല.

സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ നെല്ല് സംഭരണം

*24 [71] *ശ്രീ. കോവൂർ കുഞ്ഞുമോൻ:*

„ *എ. എ. അസീസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

GPM. 2/360/2012.—7

LIBRARY ARCHIVES Kerala Legislative Assembly